"ഭരണഭാഷ മാതൃഭാഷ"

WEC2-7252/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 07/09/2021
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

# പരിപത്രം

വിഷയം:-വനിത ശിശു വികസന വകുപ്പ് - 'അഭയകിരണം' പദ്ധതി 2021-22 അപേക്ഷ ഫോറത്തിൽ തിരുത്തൽ വരുത്തിയത് സംബന്ധിച്ച്.

സൂചന:- (1) ഈ കാര്യാലയത്തിൽ നിന്നുള്ള 22/06/2017 ലെ F3/16207/17 നം. പരിപത്രം

(2)സ.ഉ (സാധാ) 296/2021/സാനീവ തീയതി 14.05.2021.

(3)ഈ കാര്യാലയത്തിലെ 20.01.2020 ലെ WEC-2/20302/19 നമ്പർ ഉത്തരവ്.

(4)ഈ കാര്യാലയത്തിലെ 28.02.2020 ലെ WEC-2/20302/19 നമ്പർ ഉത്തരവ്

(5) ഈ കാര്യാലയത്തിൽ നിന്നുള്ള 11/08/2021 ലെ ഇതേ നം. പരിപത്രം

അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന 'അഭയകിരണം' പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനായി ഓൺലൈൻ വെബ് സൈറ്റ് മുഖാന്തിരം അപേക്ഷ സ്വീകരിക്കുന്നതിന് സൂചന(5) പ്രകാരം ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. 'അഭയകിരണം' പദ്ധതിയുടെ അപേക്ഷാ ഫോറത്തിൽ സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ട്, ശിശു വികസന പദ്ധതി ഓഫീസറുടെ സാക്ഷ്യപത്രം എന്നിവയിൽ തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. അപ്രകാരം ഭേദഗതി വരുത്തിയ സാക്ഷ്യപത്രത്തിന്റെ മാതൃക അനുബന്ധമായി ചേർക്കുന്നു. 2021-22 സാമ്പത്തിക വർഷം മുതൽ പ്രസ്തുത ഫോർമാറ്റിൽ മാത്രമേ അന്വേഷണ റിപ്പോർട്ടും, സാക്ഷ്യപത്രം സമർപ്പിക്കുവാൻ പാടുള്ളൂ. ടി വിവരം എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരുടേയും സൂപ്പർവൈസർമാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും, അന്വേഷണ റിപ്പോർട്ടും സാക്ഷ്യപത്രവും പുതുക്കിയ ഫോർമാറ്റിലാണ് സമർപ്പിക്കുന്നതെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർ ഉറപ്പ് വരുത്തേണ്ടതുമാണ്.

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. സ്റ്റോക്ക് ഫയൽ

## സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ട്

അഭയകിരണം പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച........................................

..........................................................................................................................................................................

(പേരും മേൽവിലാസവും) നിലവിലെ മാനദണ്ഡപ്രകാരം ധനസഹായത്തിന് അർഹതയുള്ള ആളാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഈ അപേക്ഷകന് /അപേക്ഷകയ്ക്ക് ക്ഷേമ പെൻഷനുകളോ, വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റ് ധനസഹായമോ ലഭിക്കുന്നില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം സൂപ്പർവൈസറുടെ പേര്

തീയതി ഒപ്പ്

## ശിശു വികസന പദ്ധതി ഓഫീസറുടെ സാക്ഷ്യപത്രം

മേൽ സൂചിപ്പിച്ച അപേക്ഷക/അപേക്ഷകന്റെ സംരക്ഷണയിലാണ് .......................................................................................................................... എന്ന വിധവ കഴിയുന്നതെന്നും ടിയാളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയാണെന്നും വിധവയ്ക്ക് പ്രായപൂർത്തിയായ മക്കൾ ഇല്ലെന്നും ടിയാൾ സർവ്വീസ് പെൻഷൻ /കുടുംബ പെൻഷൻ എന്നിവ കൈപ്പറ്റുന്നില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: ശിശു വികസന പദ്ധതി ഓഫീസറുടെ

തീയതി: പേര്:

ഒപ്പ്: